1998-ലെ 17-ാം ആക്ററ്

1998-ലെ കേരള ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ററ് *

കേരള സംസ്ഥാനത്തെ ഈററ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കും ഈററ, കാട്ടുവള്ളി, തഴ വ്യവസായങ്ങളിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്ന

ഒരു

ആക്ററ്

പീഠിക.—കേരള സംസ്ഥാനത്തെ ഈററ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കും ഈററ, കാട്ടുവള്ളി, തഴ വ്യവസായങ്ങളിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതിന് ആനുഷംഗികമായ മററ് ചില കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ:

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ നാൽപത്തിയൊൻപതാം സംവൽസരത്തിൽ ഇനിപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—**(1)** ഈ ആക്ററിന് **1998**-ലെ കേരള ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ററ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസററ് വിജ്ഞാപന പ്രകാരം നിശ്ചയിക്കാവുന്ന [1]തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

---

* 1998 ആഗസ്റ്റ് 9-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 1998 ആഗസ്റ്റ് 10-ാം തീയതിയിലെ 1301-ാം നമ്പർ കേരള അസാധാരണ ഗസററായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

1 2005 മേയ് 13-ാം തീയതിയിലെ എസ്. ആർ. ഒ നം.493/2005 (2005 മേയ് 18-ാം തീയതിയിലെ 1091-ാം നമ്പർ കേരള അസാധാരണ ഗസററ്) പ്രകാരം 1999 ഡിസംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്ററിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ഈററ വ്യവസായം" എന്നാൽ ഈററ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി ഈററയോ, ഈററപ്പൊളിയോ മുളയോ ചൂരലോ അസംസ്കൃത വസ്തുവായി ഉപയോഗിക്കപ്പെടുന്ന വ്യവസായം എന്നർത്ഥമാകുന്നതും അതിൽ ഈററ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി ഈററയോ ഈററപ്പൊളിയോ മുളയോ ചൂരലോ ശേഖരിക്കലോ സംഭരിക്കലോ വിതരണം ചെയ്യലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതോ ഉൾപ്പെടുന്നതുമാകുന്നു;

(ബി) "ഈററ ഉൽപ്പന്നം" എന്നാൽ ഈററയിൽ നിന്നോ ഈററപ്പൊളിയിൽ നിന്നോ മുളയിൽ നിന്നോ ചൂരലിൽ നിന്നോ ഉണ്ടാക്കിയ ഏതൊരു സാധനവും എന്നർത്ഥമാകുന്നു;

(സി) "ഈററ, കാട്ടുവള്ളി അല്ലെങ്കിൽ തഴ തൊഴിലാളി" എന്നാൽ ഈററ വ്യവസായവുമായോ, കാട്ടുവള്ളി വ്യവസായവുമായോ അഥവാ തഴ വ്യവസായവുമായോ അതതു സംഗതിപോലെ, ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ ഏതെങ്കിലും ജോലി ചെയ്യുന്നതിന് വേതനത്തിനായി നിയമിക്കപ്പെട്ടിരിക്കുകയും തൊഴിലുടമയിൽ നിന്നോ വ്യാപാരിയിൽനിന്നോ ഈററ ഉൽപ്പന്നങ്ങളുടെയോ കാട്ടുവള്ളി ഉൽപ്പന്നങ്ങളുടെയോ അല്ലെങ്കിൽ തഴ ഉൽപ്പന്നങ്ങളുടെയോ, അതതു സംഗതിപോലെ, ഉൽപ്പാദകരിൽനിന്നോ നേരിട്ടോ നേരിട്ടല്ലാതെയോ തന്റെ വേതനം പററുകയോ ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും, അതിൽ ഒരു കോൺട്രാക്ററിനാലോ, ഒരു കോൺട്രാക്ററർ മുഖാന്തിരമോ അല്ലെങ്കിൽ ഒരു ഏജൻറ് മുഖാന്തിരമോ നിയമിക്കപ്പെടുകയും തന്റെ ഉപജീവനത്തിനായി പ്രധാനമായും ഈററ വ്യവസായത്തെയോ, കാട്ടുവള്ളി വ്യവസായത്തെയോ അല്ലെങ്കിൽ തഴ വ്യവസായത്തെയോ ആശ്രയിച്ച് കഴിയുകയും ചെയ്യുന്ന ഏതൊരാളും, കൂടാതെ, ഈ ആക്ററിന്റെ ആവശ്യത്തിനായി, സർക്കാർ വിജ്ഞാപനം വഴി ഒരു ഈററ തൊഴിലാളിയായോ, കാട്ടുവള്ളി തൊഴിലാളിയായോ അഥവാ തഴ തൊഴിലാളിയായോ, അതതു സമയം, പ്രഖ്യാപിച്ചേക്കാവുന്ന ആളും ഉൾപ്പെടുന്നതും എന്നാൽ, യന്ത്രസഹായത്തോടെ പൾപ്പും, പേപ്പറും കൃത്രിമ നൂലും ഉണ്ടാക്കുന്നതിനുവേണ്ടി ഈററയോ ഈററപ്പൊളിയോ മുളയോ ചൂരലോ ശേഖരിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

<u>വിശദീകരണം</u>.—ഈ ആക്ററിന്റെ ആവശ്യത്തിനായി ഒരാൾ ഈററ തൊഴിലാളിയാണോ, കാട്ടുവള്ളി തൊഴിലാളിയാണോ, തഴ തൊഴിലാളിയാണോ അല്ലയോ എന്ന് ഏതെങ്കിലും പ്രശ്നം ഉണ്ടാകുകയാണെങ്കിൽ ആ പ്രശ്നം

ബോർഡ് ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതും ആ ഉദ്യോഗസ്ഥന്റെ തീരുമാനത്തിൻമേൽ ബോർഡിൽ അപ്പീൽ നൽകാവുന്നതും ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്;

(ഡി) "ബോർഡ്" എന്നാൽ, 6-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട, കേരള ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(ഇ) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നർത്ഥമാകുന്നു;

(എഫ്) "അംശദായം" എന്നാൽ, 4-ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(ജി) "വ്യാപാരി" എന്നാൽ ഈററ ഉൽപ്പന്നങ്ങളോ, കാട്ടുവള്ളി ഉൽപ്പന്നങ്ങളോ അഥവാ തഴ ഉൽപ്പന്നങ്ങളോ വാങ്ങുകയോ വിൽക്കുകയോ അല്ലെങ്കിൽ വിൽക്കുന്നതിന് വേണ്ടി ശേഖരിച്ചു വയ്ക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(എച്ച്) "തൊഴിലുടമ" എന്നാൽ തനിക്ക് വേണ്ടിയോ മറേറതെങ്കിലും ആൾക്കുവേണ്ടിയോ നേരിട്ടോ, നേരിട്ടല്ലാതെയോ ഈററ വ്യവസായത്തിലേയോ, കാട്ടുവള്ളി വ്യവസായത്തിലേയോ അഥവാ തഴ വ്യവസായത്തിലേയോ വിവിധ പ്രക്രിയകളോട് ബന്ധപ്പെട്ട ഏതെങ്കിലും ജോലി ചെയ്യുന്നതിനുവേണ്ടി ഒന്നോ അതിലധികമോ ഈററതൊഴിലാളികളെയോ കാട്ടുവള്ളി തൊഴിലാളികളെയോ അല്ലെങ്കിൽ തഴ തൊഴിലാളികളേയോ നിയമിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(ഐ) "കുടുംബം" എന്നാൽ,—

(i) ഭർത്താവ് ഭാര്യ അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പുത്രിമാർ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ, എന്നിവരും;

(ii) ഈററതൊഴിലാളിയെയോ, കാട്ടുവള്ളി തൊഴിലാളിയെയോ, തഴ തൊഴിലാളിയെയോ, അല്ലെങ്കിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളേയോ മാത്രം ആശ്രയിച്ചു കഴിയുന്ന അഛനും അമ്മയും, എന്നർത്ഥമാകുന്നു;

(ജെ) "നിധി" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(കെ) “കാട്ടുവള്ളി വ്യവസായം” എന്നാൽ കാട്ടുവള്ളി ഒരു അസംസ്കൃത വസ്തുവായി ഉപയോഗിച്ച് അതിൽനിന്ന് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു വ്യവസായം എന്നർത്ഥമാകുന്നതും അതിൽ കാട്ടുവള്ളി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി കാട്ടുവള്ളി ശേഖരിക്കലോ, സംഭരിക്കലോ വിതരണം ചെയ്യലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ ഏതെങ്കിലും പ്രവർത്തി ചെയ്യലോ ഉൾപ്പെടുന്നതുമാകുന്നു;

(എൽ) “കാട്ടുവള്ളി ഉൽപ്പന്നങ്ങൾ” എന്നാൽ അസംസ്കൃതമായതോ സംസ്ക്കരിച്ചതോ ആയ കാട്ടുവള്ളിയിൽ നിന്നും ഉണ്ടാക്കിയ ഏതൊരു സാധനവും എന്നർത്ഥമാകുന്നു;

(എം) “അംഗം” എന്നാൽ നിധിയിലെ ഒരു അംഗം എന്നർത്ഥമാകുന്നു;

(എൻ) “തഴ വ്യവസായം” എന്നാൽ തഴ ഇല അസംസ്കൃത വസ്തുവായി ഉപയോഗിച്ച് അതിൽ നിന്നും ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു വ്യവസായം എന്നർത്ഥമാകുന്നതും അതിൽ തഴ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി തഴയില ശേഖരിക്കലോ സംഭരിക്കലോ വിതരണം ചെയ്യലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ ഏതെങ്കിലും പ്രവർത്തി ചെയ്യലോ ഉൾപ്പെടുന്നതുമാകുന്നു;

(ഒ) “തഴ ഉൽപ്പന്നം” എന്നാൽ സംസ്കരിച്ചതോ അല്ലാത്തതോ ആയ തഴയില കൊണ്ട് നിർമ്മിച്ച പായ്കൾ, കുട്ടകൾ, കളിപ്പാട്ടങ്ങൾ, കരകൗശല വസ്തുക്കൾ, വിചിത്ര വസ്തുക്കൾ, വീട്ടുപകരണങ്ങൾ, തഴപായ്, വട്ടി എന്നിവയും, കൂടാതെ, അതുപോലുള്ള മററു സാധനങ്ങളും എന്നർത്ഥമാകുന്നു;

(പി) “ആൾ” എന്നതിൽ ഒരു കമ്പനിയോ ഒരു ഫേമോ വ്യക്തികളുടെ സമാജമോ അല്ലെങ്കിൽ **1969**-ലെ കേരള സഹകരണ സംഘം ആക്ററ് **(1969-ലെ 21)** പ്രകാരം രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘമോ ഉൾപ്പെടുന്നതാണ്;

(ക്യൂ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററ് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ആർ) “ഈററ ഉൽപ്പന്നങ്ങളുടെയോ കാട്ടുവള്ളി ഉൽപ്പന്നങ്ങളുടെയോ അഥവാ തഴ ഉൽപ്പന്നങ്ങളുടെയോ ഉൽപാദകൻ” എന്നാൽ കയററുമതിയ്ക്കോ ആഭ്യന്തര ഉപയോഗത്തിനോ വേണ്ടി ഈററ ഉൽപ്പന്നങ്ങളോ കാട്ടുവള്ളി ഉൽപ്പന്നങ്ങളോ തഴ ഉൽപ്പന്നങ്ങളോ ഉണ്ടാക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(എസ്) “പട്ടിക” എന്നാൽ ഈ ആക്ററിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(ററി) “പദ്ധതി” എന്നാൽ ഈ ആക്ററു പ്രകാരം ഉണ്ടാക്കപ്പെടുന്ന “പദ്ധതി” എന്നർത്ഥമാകുന്നു;

(യു) “സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആൾ” എന്നാൽ, ഈററയോ, ഈററപ്പൊളിയോ, ചൂരലോ, മുളയോ, കാട്ടുവള്ളിയോ, തഴയിലയോ എടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ഈററ ഉൽപ്പന്നങ്ങളോ, കാട്ടുവള്ളി ഉൽപ്പന്നങ്ങളോ, തഴ ഉൽപ്പന്നങ്ങളോ ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയോ ചെയ്യുന്നതും തന്റെ ജീവിത വൃത്തിക്കുവേണ്ടി മുഖ്യമായും ഈററ വ്യവസായത്തേയോ, കാട്ടുവള്ളി വ്യവസായത്തേയോ തഴ വ്യവസായത്തേയോ ആശ്രയിക്കുകയും ചെയ്യുന്ന, ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി അല്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു ;

(വി) “വർഷം” എന്നാൽ സാമ്പത്തികവർഷം എന്നർത്ഥമാകുന്നു.

3. ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി.—(1) സർക്കാരിന്, ഗസററ് വിജ്ഞാപനം വഴി, ഈററത്തൊഴിലാളികളുടെയും കാട്ടുവള്ളി തൊഴിലാളികളുടെയും തഴ തൊഴിലാളികളുടെയും ഈററ വ്യവസായത്തിലോ കാട്ടുവള്ളി വ്യവസായത്തിലോ തഴ വ്യവസായത്തിലോ സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെയും ക്ഷേമത്തിനായി ഈ ആക്ററിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനു വേണ്ടി "കേരള ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, ഈ ആക്ററിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച്, ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധിയിൽ ഇനി പറയുന്നവ വരവു കൊള്ളിക്കേണ്ടതാണ്,—

(എ) 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശധായങ്ങൾ;

(ബി) 10-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക;

(സി) 19-ാം വകുപ്പ് പ്രകാരം വസൂലാക്കപ്പെട്ട നഷ്ടപരിഹാരം;

(ഡി) ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനമോ നൽകുന്ന ഗ്രാൻറുകളോ വായ്പകളോ മുൻകൂറുകളോ ;

(ഇ) മററേതെങ്കിലും മാർഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും;

(എഫ്) ബോർഡിന്റെ വിഭവങ്ങൾ വർദ്ധിപ്പിക്കുവാൻ മററ് മാർഗങ്ങളിൽ കൂടി ബോർഡ് ശേഖരിക്കുന്ന ഏതെങ്കിലും തുക;

(ജി) പദ്ധതി പ്രകാരം വസൂലാക്കുന്ന ഫീസ്;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറേറതെങ്കിലും തുക.

(3) നിധി, 6-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണനിർവ്വഹണം നടത്തേണ്ടതുമാണ്;

(4) നിധി, ഇനിപറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൽക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്,—

(എ) (i) അവശത കാരണം ജോലി ചെയ്യുന്നതിനു കഴിവില്ലാതാകുകയോ അറുപത് വയസ് കഴിഞ്ഞിരിക്കുകയോ ചെയ്യുന്ന ഒരംഗത്തിനും; കൂടാതെ

(ii) ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് ഒരാൾ മൂന്നു വർഷത്തിൽ കുറയാത്ത കാലയളവിലേക്ക് ഒരു ഈററത്തൊഴിലാളിയോ കാട്ടുവള്ളിത്തൊഴിലാളിയോ തഴ തൊഴിലാളിയോ അഥവാ സ്വന്തമായി തൊഴിലിലേർപ്പെട്ടയാളോ ആയിരുന്നിരിക്കുകയും അറുപത് വയസ് പൂർത്തിയാക്കിയിരിക്കുകയും അല്ലെങ്കിൽ സ്ഥായിയായ അസുഖമോ അഥവാ സ്ഥായിയായ അവശതയോ അനുഭവിക്കുകയും തൊഴിലില്ലാതിരിക്കുകയും ചെയ്യുന്ന ആളിനും, പെൻഷൻ നൽകുന്നതിന് ;

(ബി) പദ്ധതിയിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കുടുംബപെൻഷൻ നൽകുന്നതിന് ;

(സി) സ്ഥായിയായ അവശത അനുഭവിക്കുന്ന ഒരംഗത്തിനോ അഥവാ അപകടത്തിൽപ്പെട്ട് മരിച്ചുപോയ ഒരംഗത്തിന്റെ കുടുംബത്തിനോ സാമ്പത്തിക സഹായം നൽകുന്നതിന്;

(ഡി) വനിതാ അംഗങ്ങൾക്ക് അവരുടെ വിവാഹവുമായി ബന്ധപ്പെട്ട ചെലവുകൾ നേരിടുന്നതിനോ അല്ലെങ്കിൽ, ഒരംഗത്തിന് മക്കളുടെ വിവാഹചെലവുകൾ വഹിക്കുന്നതിനോ അല്ലെങ്കിൽ ഒരംഗത്തിന്റെയോ ആശ്രിതന്റെയോ മരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കോ അഥവാ, താമസാവശ്യങ്ങൾക്കായി ഭവന നിർമ്മാണത്തിനോ അററകുററപണിക്കോ അല്ലെങ്കിൽ കെട്ടിടത്തോടു കൂടിയ സ്ഥലമോ അഥവാ ഭൂമിയോ വാങ്ങുന്നതിനുള്ള ചെലവുകൾക്ക് വേണ്ടിയോ വായ്പകളോ ഗ്രാന്റുകളോ നൽകുന്നതിന് ;

(ഇ) ഈററ വ്യവസായത്തിലോ കാട്ടുവള്ളി വ്യവസായത്തിലോ തഴ വ്യവസായത്തിലോ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്;

(എഫ്) നിധിയിൽ ഒരു വർഷത്തിൽ കുറയാതെ അംഗത്വമുള്ള ഈററത്തൊഴിലാളികൾക്കും കാട്ടുവള്ളി തൊഴിലാളികൾക്കും തഴ തൊഴിലാളികൾക്കും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും,—

(i) പദ്ധതിയിൽ പറയുന്ന പരിമിതികൾക്കും നിബന്ധനകൾക്കും വിധേയമായി ചികിൽസാ ചെലവുകൾ വഹിക്കുന്നതിന്;

(ii) ഹൈസ്ക്കൂൾ തലത്തിലുള്ള സ്കോളർഷിപ്പും ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പും ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന്;

(ജി) തുടർച്ചയായി അഞ്ച് വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ച ഈററ, കാട്ടുവള്ളി, തഴ തൊഴിലാളിയായ ഒരു അംഗത്തിന് അയാളുടെ റിട്ടയർമെൻറ് സമയത്തോ അഥവാ അസുഖം മൂലം സ്ഥായിയായ അവശതയുണ്ടാകുന്ന അവസരത്തിലോ ഗ്രാററുവിററി നൽകുന്നതിന്;

(എച്ച്) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറേറതെങ്കിലും ആവശ്യം നടപ്പിലാക്കുന്നതിന്.

(5) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ അഥവാ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ പദ്ധതിയും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം, പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി, പദ്ധതി പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

4. നിധിയിലേക്ക് ഉള്ള അംശദായം.—(1) ഓരോ ഈററ, കാട്ടുവള്ളി, തഴ തൊഴിലാളിയും [1][പ്രതിമാസം പതിനഞ്ച് രൂപാ വീതം] നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

1. 2021-ലെ 23-ാം ആക്ററ് പ്രകാരം പകരം ചേർത്തത് (2020 ജൂലൈ 3-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(2) ഈററ ഉൽപ്പന്നങ്ങളുടെയും കാട്ടുവള്ളി ഉൽപ്പന്നങ്ങളുടെയും അല്ലെങ്കിൽ തഴ ഉൽപ്പന്നങ്ങളുടെയും ഓരോ തൊഴിലുടമയും ഓരോ ഉൽപ്പാദകനും ബന്ധപ്പെട്ട ഓരോ ഈററ അഥവാ കാട്ടുവള്ളി അഥവാ തഴ തൊഴിലാളിക്കുംവേണ്ടി [1][ഓരോ മാസവും പതിനഞ്ച് രൂപ] നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(3) സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ഓരോ ആളും [2][ഓരോ മാസവും പതിനഞ്ച് രൂപ വീതം] നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(4) ഈററ തൊഴിലാളികളും കാട്ടുവള്ളി തൊഴിലാളികളും തഴ തൊഴിലാളികളും സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകളും നൽകിയ [3][അംശദായത്തിന്റെ എഴുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ തുക] ഗ്രാൻറായി ഓരോ വർഷവും സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണ്.

(5) അംശദായം ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ അഥവാ ഈ ആവശ്യത്തിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്.

(6) ഓരോ വ്യാപാരിയും അവരുടെ ഒരു വർഷത്തെ വിററുവരവിന്റെ ഒരു ശതമാനത്തിന് തുല്യമായ ഒരു തുക നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(7) വ്യാവസായികാവശ്യങ്ങൾക്കായി ഈററ, ഈററപ്പൊളി, ചൂരൽ, മുള, കാട്ടുവള്ളി അഥവാ തഴയില എന്നിവ അസംസ്കൃത വസ്തുക്കളായി സർക്കാരിൽ നിന്നും സ്വീകരിക്കുന്ന ഓരോ ആളും അങ്ങനെയുള്ള അസംസ്കൃത വസ്തുക്കളുടെ മൊത്തം വിലയുടെ രണ്ട് ശതമാനത്തിന് തുല്യമായ ഒരു തുക നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(8) ഈ ആക്ററ് പ്രകാരം നൽകേണ്ടതായ അംശദായ തുക ഒരു രൂപയുടെ ഭിന്നമായി വരുന്നിടത്ത് അത് അതിന്റെ തൊട്ടടുത്ത് വരുന്ന, രൂപയായി കണക്കാക്കുവാൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

5. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, ഗസററ് വിജ്ഞാപനം വഴി, ഈ ആക്ററ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ, എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

1. 2021-ലെ 23-ാം ആക്ററ് പ്രകാരം പകരം ചേർത്തത് (2020 ജൂലൈ 3-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2021-ലെ 23-ാം ആക്ററ് പ്രകാരം പകരം ചേർത്തത് (2020 ജൂലൈ 3-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2021-ലെ 23-ാം ആക്ററ് പ്രകാരം പകരം ചേർത്തത് (2020 ജൂലൈ 3-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ്, നിയമസഭ വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതത്സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതായി ത്തീരുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

6. <u>ബോർഡിന്റെ രൂപവൽക്കരണം.</u>—**(1)** സർക്കാരിന്, ഗസററ് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കാവുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണനിർവ്വഹണത്തിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയോ അവ നടപ്പിലാക്കുകയോ ചെയ്യുവാനും "കേരള ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപവൽക്കരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതുമുദ്രയോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗ നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ സർക്കാർ നിയമിക്കാവുന്ന പതിനഞ്ചിൽ കവിയാത്ത അത്രയും എണ്ണം ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തെരഞ്ഞെടുക്കേണ്ടതുമാണ്:

എന്നാൽ, മൊത്തം എണ്ണം ഡയറക്ടർമാരിൽ, മൂന്നിലൊരു ഭാഗം സ്വയം തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകൾ ഉൾപ്പെടെയുള്ള ഈററ, കാട്ടുവള്ളി, തഴ തൊഴിലാളികളെ പ്രതിനിധീകരിക്കേണ്ടതും, മൂന്നിലൊരു ഭാഗം സർക്കാരിനെ പ്രതിനിധീകരിക്കേണ്ടതും ശേഷിക്കുന്ന മൂന്നിലൊരു ഭാഗം ഈററ അഥവാ കാട്ടുവള്ളി അഥവാ തഴ ഉൽപ്പന്നങ്ങളുടെ തൊഴിലുടമകളെയോ വ്യാപാരികളെയോ അല്ലെങ്കിൽ ഉൽപ്പാദകരെയോ പ്രതിനിധീകരിക്കേണ്ടതുമാകുന്നു.

(4) ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്.

(5) ബോർഡിലെ ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ സർക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ടേക്കാവുന്ന അപ്രകാരമുള്ള രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണം നടത്തേണ്ടതാണ്.

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടി, ബോർഡ് വിനിർദ്ദേശിക്കാവുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്ന് കരുതാവുന്ന ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ചെയർമാനോ ബോർഡിന്റെ ഏതെങ്കിലും ഡയറക്ടർക്കോ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ ബോർഡിലെ മററ് ഏതെങ്കിലും ആഫീസർക്കോ ഏൽപ്പിച്ച് കൊടുക്കാവുന്നതാണ്.

7. <u>ഡയറക്ടർമാരുടെ ഉദ്യോഗകാലാവധി</u>.—(1) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു ഡയറക്ടർ മൂന്നുവർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) 8-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന്, എപ്പോൾ വേണമെങ്കിലും എഴുതി രേഖപ്പെടുത്തിയ കാരണങ്ങളിൽമേൽ, ബോർഡിലെ ഏതൊരു ഡയറക്ടറേയും നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കുവാൻ അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകിയ ശേഷം ഔദ്യോഗിക സ്ഥാനത്തുനിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ പൊതുതാൽപ്പര്യം പരിഗണിച്ച് കാരണങ്ങൾ എഴുതി രേഖപ്പെടുത്തുന്നതോ അങ്ങനെയുള്ള അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, നീക്കം ചെയ്യുന്നതിനുള്ള കാരണം എഴുതി രേഖപ്പെടുത്തുകയോ നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കാൻ അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതാകുന്നു.

(3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതും എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

8. <u>അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ</u>.—(1) സർക്കാരിന്, ഗസററ് വിജ്ഞാപനംവഴി, ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറേയും ഇനിപ്പറയുന്ന കാരണങ്ങളിൻമേൽ ഉദ്യോഗത്തിൽനിന്നും നീക്കം ചെയ്യാവുന്നതാണ്,—

(എ) അദ്ദേഹം ബോർഡിന്റെ അനുവാദംകൂടാതെ തുടർച്ചയായി ബോർഡിന്റെ മൂന്നുയോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ:

എന്നിരുന്നാൽത്തന്നെയും, ഗസററിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുമുൻപ് ബോർഡിന് അപ്രകാരമുള്ള ഹാജരാകാതിരിക്കൽ മതിയായ കാരണങ്ങളാൽ മാപ്പാക്കാവുന്നതാണ്; അല്ലെങ്കിൽ

(ബി) അദ്ദേഹം ഡയറക്ടർ ആയി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായിത്തീർന്നുവെന്നോ അല്ലെങ്കിൽ തന്റെ ഡയറക്ടർ പദവി ദുരുപയോഗപ്പെടുത്തിയതുകൊണ്ട് അങ്ങനെയുള്ള ഡയറക്ടറായി അദ്ദേഹം തുടരുന്നത് പൊതു താൽപ്പര്യത്തിന് ഹാനികരമാകുമെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം:

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ഒരു ഡയറക്ടറെ നീക്കം ചെയ്യുന്നതിനു മുൻപായി, അദ്ദേഹത്തെ നീക്കംചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിനു ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, മററുവിധത്തിൽ സർക്കാർ ഉത്തരവാകാത്തപക്ഷം, അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക് ബോർഡിലെ ഡയറക്ടറായി വീണ്ടും നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, സർക്കാർ ഒരു ഉത്തരവുമൂലം മേലാൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ, വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

9. <u>ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം</u>.—(1) സർക്കാരിന് ഈ ആക്ററ് പ്രകാരം ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുവാൻ ബോർഡിനെ സഹായിക്കുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ആവശ്യമെന്ന് അവർ കരുതുന്നത്ര മററ് ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെയും മററ് ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമന രീതിയും ശമ്പളവും അലവൻസുകളും അച്ചടക്ക വ്യവസ്ഥകളും മററു സേവന വ്യവസ്ഥകളും സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തപ്പെടുന്ന ബോർഡിന്റെ കീഴിലുള്ള സർവ്വീസിലെ തസ്തികകളുടെ സംഗതിയിൽ,—

(എ) ഈററ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിലേർപ്പെട്ടവരുടെയും കുടുംബത്തിലുള്ള അപേക്ഷകരിൽനിന്നും നിയമനം നടത്തുന്നതിലേക്കായി അൻപതുശതമാനം സംവരണം ചെയ്യേണ്ടതും,

(ബി) ശേഷിക്കുന്ന അൻപത് ശതമാനം 1958-ലെ കേരള സ്റേററ് ആൻറ് സബോർഡിനേററ് സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമം അനുസരിച്ച് നികത്തേണ്ടതും,

ആണ്.

10. <u>കടംവാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം</u>.—ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധകൾക്കും വ്യവസ്ഥകൾക്കും വിധേയമായും പദ്ധതിയുടെ ആവശ്യങ്ങൾക്കുവേണ്ടി, അതതു സമയം, പണം കടംവാങ്ങാവുന്നതാണ്.

11. <u>കിട്ടേണ്ട തുക തിട്ടപ്പെടുത്തൽ</u>.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന മറേറതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളത് പറയാൻ ഒരു അവസരം നൽകിയതിനുശേഷവും, ഈ ആക്ററിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരം തൊഴിലുടമയിൽനിന്നോ വ്യാപാരിയിൽനിന്നോ ഈററ, കാട്ടുവള്ളി, തഴ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരിൽനിന്നോ കിട്ടേണ്ട അംശദായം, ഉത്തരവുമൂലം തിട്ടപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്, അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ററ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഇനിപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളേയും ഹാജരാക്കുവാൻ നിർബന്ധിക്കുന്നതിന് അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുന്നതിന്;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിന് വേണ്ടി കമ്മീഷനെ അയയ്ക്കുന്നതിന്.

(3) ഈ വകുപ്പ് പ്രകാരമുള്ള ഏതൊരന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽപ്പെടുന്നതും പ്രസ്തുത നിയമത്തിലെ 196-ാം വകുപ്പിന്റെ ആവശ്യത്തിലേക്കുള്ളതുമായ ഒരു ജുഡീഷ്യൽ നടപടിയായി കരുതപ്പെടേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിൻമേൽ പരാതിയുള്ള ഏതൊരാൾക്കും ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം ലേബർ കമ്മീഷണറുടേയോ അതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ തൊഴിൽവകുപ്പിലെ ജില്ലാ ലേബർ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥ ന്റെയോ മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, ലേബർ കമ്മീഷണർക്കോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവുകൾ പാസാക്കാവുന്നതുമാണ്.

(5) സർക്കാരിന് സ്വമേധയായോ അല്ലെങ്കിൽ പരാതിക്കാരന്റെ അപേക്ഷയിൻമേലോ ലേബർ കമ്മീഷണറോ (4)-ാം ഉപവകുപ്പ് പ്രകാരം അദ്ദേഹം അധികാര പ്പെടുത്തിയ ഉദ്യോഗസ്ഥനോ എടുത്ത ഏതെങ്കിലും നടപടികളുടെ റിക്കാർഡുകൾ ആവശ്യപ്പെടാവുന്നതും സർക്കാരിന് അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസാക്കാവുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം റിവിഷനുവേണ്ടിയുള്ള ഒരപേക്ഷ ഉത്തരവ് അപേക്ഷകന് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം നൽകേണ്ടതാണ്:

എന്നുമാത്രമല്ല, ഉത്തരവ് ബാധകമായേക്കാവുന്ന ആളിന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ ഈ ഉപവകുപ്പ് പ്രകാരം യാതൊരു ഉത്തരവും പാസാക്കാൻ പാടുള്ളതല്ല.

12. <u>അംശദായത്തിന്റെ താൽക്കാലികമായ തിട്ടപ്പെടുത്തലും പിരിച്ചെടുക്കലും</u>.—(1) 4-ാം വകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യതയുള്ള തൊഴിലുടമയോ

അല്ലെങ്കിൽ ഈററ, കാട്ടുവള്ളി, തഴ എന്നീ ഉൽപ്പന്നങ്ങളുടെ ഉൽപാദകനോ കൊടുക്കുവാനുള്ള തുക, 11-ാം വകുപ്പുപ്രകാരം തിട്ടപ്പെടുത്തുന്നതുവരെ പ്രസ്തുത വകുപ്പുപ്രകാരം ഏററവും ഒടുവിൽ തിട്ടപ്പെടുത്തിയതനുസരിച്ച് അയാൾ ഒരുവർഷം കൊടുക്കേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ ഒരു തുക ഓരോ മാസവും 5-ാം തീയതിയോ അതിനുമുമ്പോ നൽകേണ്ടതാണ്.

(2) ഒരു ഈററ, കാട്ടുവള്ളി, തഴ തൊഴിലാളിയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളോ ഒരു മാസം കൊടുക്കേണ്ടതായ അംശദായം തൊട്ടടുത്ത മാസത്തെ 5-ാം തീയതിയോ അതിനു മുമ്പോ നൽകേണ്ടതാണ്.

(3) 4-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ വ്യാപാരിയും അല്ലെങ്കിൽ ആ വകുപ്പിന്റെ (7)-ാം ഉപവകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ വ്യക്തിയും നിധിയിലേക്ക് അയാൾ നൽകാൻ ബാദ്ധ്യതയുള്ള അംശദായം പദ്ധതിയിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള അപ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള സമയത്തും, നൽകേണ്ടതാണ്.

(4) തുക കൊടുക്കേണ്ട തീയതിയിലോ അതിനുമുമ്പോ അംശദായം കൊടുത്തിട്ടില്ലാത്തപക്ഷം, ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അല്ലെങ്കിൽ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, വീഴ്ച വരുത്തുന്ന ആൾക്ക് കുടിശ്ശിക തുക കാണിച്ചുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കേണ്ടതും അങ്ങനെയുള്ള നോട്ടീസ് കൈപ്പററി പതിനഞ്ചു ദിവസത്തിനകം തുക നൽകാത്തപക്ഷം ബോർഡ് തീരുമാനിക്കാവുന്ന അപ്രകാരമുള്ള രീതിയിൽ അത് വസൂലാക്കാവുന്നതുമാണ്.

(5) (1)-ാം ഉപവകുപ്പുപ്രകാരം ഒരു തൊഴിലുടമയോ ഈററ ഉൽപ്പന്നങ്ങളുടേ യോ, കാട്ടുവള്ളി ഉൽപ്പന്നങ്ങളുടേയോ, തഴ ഉൽപ്പന്നങ്ങളുടേയോ ഒരു ഉൽപാദകനോ ഒരു വർഷത്തേക്ക് നൽകിയ തുക ആ വർഷത്തേക്ക് 11-ാം വകുപ്പുപ്രകാരം തിട്ടപ്പെടുത്തിയ തുകയിൽ തട്ടിക്കഴിക്കേണ്ടതാണ്.

13. <u>അംഗങ്ങളിൽനിന്നും തൊഴിലുടമകളിൽനിന്നും വ്യാപാരികളിൽനിന്നും ഈററയോ കാട്ടുവള്ളിയോ തഴയോ ഉൽപന്നങ്ങളുടെ ഉൽപാദകരിൽ നിന്നും കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.</u>—ഈ ആക്ററിന്റെയോ അല്ലെങ്കിൽ പദ്ധതിയുടെയോ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും അംഗത്തിൽനിന്നോ, തൊഴിലുടമയിൽനിന്നോ, വ്യാപാരിയിൽനിന്നോ, ഈററ ഉൽപ്പന്നങ്ങളുടെയോ കാട്ടുവള്ളി ഉൽപന്നങ്ങളുടെയോ തഴ ഉൽപന്നങ്ങളുടെയോ ഉൽപാദകരിൽനിന്നോ അഥവാ 4-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വ്യക്തിയിൽനിന്നോ കിട്ടേണ്ട ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ,

ഭൂമിയിൻമേലുള്ള പൊതുകര കുടിശ്ശികയെന്നപോലെയോ അഥവാ ബോർഡിന് ഉചിതമെന്ന് തോന്നാവുന്ന അപ്രകാരമുള്ള മററു രീതിയിലോ ഒൻപത് ശതമാനം നിരക്കിലുള്ള പലിശയോടുകൂടി വസൂലാക്കാവുന്നതാണ്.

14. മററു കടങ്ങളേക്കാൾ അംശദായം നൽകുന്നതിന് മുൻഗണന.—**4**-ാം വകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഏതെങ്കിലും തൊഴിലുടമയോ, വ്യാപാരിയോ, ഈററയുടേയോ കാട്ടുവള്ളി ഉൽപന്നങ്ങളുടെയോ തഴ ഉൽപന്നങ്ങളുടെയോ ഉൽപാദകനോ മറേറതെങ്കിലും വ്യക്തിയോ പാപ്പരാണെന്ന് വിധിക്കപ്പെട്ടിട്ടുള്ളിടത്ത്, അല്ലെങ്കിൽ അപ്രകാരമുള്ള തൊഴിലുടമയോ വ്യാപാരിയോ ഉൽപാദകനോ ഒരു കമ്പനിയായിരിക്കുകയും അത് വൈൻഡ്-അപ് ചെയ്യുന്നത് സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നിടത്ത്, ഈ ആക്ററോ പദ്ധതിയോ അനുസരിച്ച്, അപ്രകാരമുള്ള, തൊഴിലുടമയിൽ നിന്നോ വ്യാപാരിയിൽനിന്നോ ഈററ ഉൽപന്നങ്ങളുടെയോ കാട്ടുവള്ളി ഉൽപന്നങ്ങളുടെയോ തഴ ഉൽപന്നങ്ങളുടെയോ ഉൽപാദകനിൽനിന്നോ മറേറതെങ്കിലും വ്യക്തിയിൽനിന്നോ കിട്ടാനുള്ള തുക സംബന്ധിച്ച ബാദ്ധ്യത, പാപ്പരായി വിധിക്കപ്പെട്ടത് സംബന്ധിച്ചോ വൈൻഡ്-അപ് ചെയ്യുന്നതു സംബന്ധിച്ചോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് ഉണ്ടായിട്ടുള്ളതാണെങ്കിൽ **1955**-ലെ ഇൻസോൾവൻസി ആക്ററ് (**1956**-ലെ **2**) **64**-ാം വകുപ്പ് പ്രകാരമോ അല്ലെങ്കിൽ **1956**-ലെ കമ്പനി ആക്ററ് (**1956**-ലെ **1**-ാം കേന്ദ്ര ആക്ററ്) **530**-ാം വകുപ്പുപ്രകാരമോ, അതതു സംഗതിപോലെ, പാപ്പരായ ആളിന്റെ വസ്തു വകകളോ അഥവാ വൈൻഡ്-അപ് ചെയ്യപ്പെടുന്ന കമ്പനിയുടെ ആസ്തികളോ വീതിച്ചുകൊടുക്കുമ്പോൾ മററെല്ലാ കടങ്ങൾക്കും മേൽ മുൻഗണന നൽകി കൊടുത്തു തീർക്കേണ്ടതായ കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേണ്ടതാകുന്നു.

15. തൊഴിലുടമ വേതനം മുതലായവ കുറയ്ക്കുവാൻ പാടില്ലെന്ന്.—നിധിയിലേക്ക് ഏതെങ്കിലും അംശദായം നൽകാനുള്ള ബാദ്ധ്യതയുടെ മാത്രം പേരിൽ തൊഴിലുടമയോ ഈററ ഉൽപന്നങ്ങളുടെയോ കാട്ടുവള്ളി ഉൽപന്നങ്ങളുടെയോ, തഴ ഉൽപന്നങ്ങളുടെയോ ഉല്പാദകനോ ഈ പദ്ധതി ബാധകമാകുന്ന ഏതെങ്കിലും ഈററ തൊഴിലാളിയുടെയോ, കാട്ടുവള്ളി തൊഴിലാളിയുടെയോ, തഴ തൊഴിലാളിയുടെയോ വേതനമോ, പ്രകടമായോ വ്യംഗ്യമായോ ഉള്ള നിയമന വ്യവസ്ഥകൾ പ്രകാരം അയാൾക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങളുടെ മൊത്തത്തുകയോ, പ്രത്യക്ഷമായോ, പരോക്ഷമായോ കുറവ് ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

16. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സർവൻറ്മാരായിരിക്കുമെന്ന്. —ബോർഡിന്റെ ഒരോ ഡയറക്ടറും, **9**-ാം വകുപ്പ് (**1**)-ാം ഉപവകുപ്പനുസരിച്ച് നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബോർഡിലെ മററുദ്യോഗസ്ഥൻമാരും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമം (**1860**-ലെ **45**-ാം

കേന്ദ്ര ആക്ററ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ വരുന്ന പബ്ലിക് സർവൻറ് ആയി കണക്കാക്കപ്പെടുന്നതാണ്.

17. <u>ശിക്ഷ</u>.—**(1)** ഈ ആക്ററോ പദ്ധതിയോ പ്രകാരം താൻ നൽകേണ്ട ഏതെങ്കിലും പണം നൽകുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനോ അല്ലെങ്കിൽ മറേറതെങ്കിലും ആളെ അപ്രകാരം പണം നൽകുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ സഹായിക്കുന്നതിന് വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവനയോ വ്യാജമായ നിവേദനമോ നടത്തുകയോ നടത്താൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസക്കാലംവരെയാകാവുന്ന തടവോ അല്ലെങ്കിൽ അഞ്ഞൂറു രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

(2) ഈ ആക്ററിലേയോ പദ്ധതിയിലേയോ വ്യവസ്ഥകളേതെങ്കിലും ലംഘിക്കുകയോ അല്ലെങ്കിൽ അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ വിഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും, അപ്രകാരമുള്ള ലംഘനത്തിനോ അനുസരിക്കാതിരിക്കലിനോ ഈ ആക്ററോ ആക്ററു പ്രകാരമോ മററെവിടെയെങ്കിലും മററൊരു ശിക്ഷയ്ക്കും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം രണ്ടുമാസംവരെയാകാവുന്ന തടവോ അല്ലെങ്കിൽ നാനൂറ് രൂപവരെയാകാവുന്ന പിഴയോ, അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

(3) ഈ ആക്ററുപ്രകാരം ശിക്ഷാർഹമായ ഏതൊരു കുററവും ഒന്നാം ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേട്ടിന്റേതിനേക്കാൾ താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാകുന്നു.

(4) ഈ ആക്ററു പ്രകാരം ശിക്ഷാർഹമായ ഒരു കുററം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി സമർപ്പിക്കപ്പെടുന്ന കുററത്തിന് ആധാരമായ വസ്തുതകളുടെ രേഖാമൂലമായ ഒരു റിപ്പോർട്ടിൻമേലല്ലാതെ, യാതൊരു കോടതിയും നടപടിയെടുക്കുവാൻ പാടില്ലാത്തതാകുന്നു.

18. <u>കമ്പനികൾ ചെയ്യുന്ന കുററങ്ങൾ</u>.—**(1)** ഈ ആക്ററ് പ്രകാരമുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത് കുററം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ് വഹിക്കുകയും കമ്പനിയുടെ ബിസിനസ് നടത്തുന്നതിൽ കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരിക്കുകയും ചെയ്യുന്ന ഓരോ ആളും ആ കമ്പനിയും കുററക്കാരായി കരുതപ്പെടുന്നതും അതനുസരിച്ച് അവർക്കെതിരായി നടപടി എടുക്കപ്പെടുവാനും ശിക്ഷിക്കപ്പെടുവാനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുററം ചെയ്തത് തന്റെ അറിവോടു കൂടിയല്ലെന്നും

അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം, ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററുപ്രകാരമുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, കുററം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടോ മൗനാനുവാദത്തോടെ കൂടിയാണെന്നു തെളിയിക്കുകയോ അല്ലെങ്കിൽ കുററം ചെയ്യൽ അയാളുടെ ഭാഗത്തെ മനഃപൂർവ്വമായ ഉപേക്ഷയാലാണെന്ന് ആരോപിക്കാവുന്നതായിരിക്കുകയോ ചെയ്താൽ, കമ്പനിയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആ കുററം ചെയ്തതായി കണക്കാക്കപ്പെടേണ്ടതും അതനുസരിച്ച് അയാൾക്കെതിരെ നടപടി എടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അയാൾ വിധേയനായിരിക്കുന്നതുമാകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്,—

(എ) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗ യോഗം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ, ഒരു സഹകരണ സംഘമോ അല്ലെങ്കിൽ വ്യക്തികളുടെ മററു സമാജമോ ഉൾപ്പെടുന്നതും ;

(ബി) "കമ്പനി ഉദ്യോഗസ്ഥൻ" എന്നാൽ കമ്പനിയുടെ മനേജിംഗ് ഡയറക്ടറോ, ഡയറക്ടറോ, സെക്രട്ടറിയോ, ട്രഷററോ, മാനേജരോ എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമിന്റേയോ സഹകരണ സംഘത്തിന്റെയോ വ്യക്തികളുടെ മററ് സമാജത്തിന്റെയോ ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടുന്നതുമാകുന്നു.

19. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.—ഈ ആക്ററോ പദ്ധതിയോ പ്രകാരം നിധിയിലേക്കുള്ള ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നപക്ഷം കുടിശ്ശിക തുകയുടെ ഇരുപത്തിയഞ്ചു ശതമാനത്തിൽ കവിയാത്ത, യുക്തമെന്ന് ബോർഡ് കരുതുന്ന, നഷ്ട പരിഹാരം അയാളിൽ നിന്നും വസൂലാക്കാവുന്നതാണ്.

20. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തിക്ക് സംരക്ഷണം.—ഈ ആക്ററ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട പദ്ധതി പ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ മറേറതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മററ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

21. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—(1) സർക്കാരിന്, ബോർഡുമായി ആലോചിച്ചശേഷം, ബോർഡ് അനുവർത്തിക്കേണ്ട സാമാന്യമായ നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(2) ബോർഡ്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യുമ്പോൾ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടു കൂടിയല്ലാതെ (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും സാമാന്യ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

22. അന്വേഷണത്തിനു വേണ്ടി ഉത്തരഹവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഏത് സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന് അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തി ക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടാവുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും, കണക്കുകളും, വിവരങ്ങളും നൽകുകയും ചെയ്യേണ്ടതാകുന്നു.

23. ബോർഡിനെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം.—(1) 22-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് പരിഗണിച്ച ശേഷമോ അല്ലെങ്കിൽ മററു വിധത്തിലോ ബോർഡ്, ഈ ആക്ററിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരമോ അവയുടെ കീഴിലോ അതിൻമേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിക്രമിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന് ഗസററിൽ വിജ്ഞാപനംമൂലം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ്, ബോർഡിന്, അതിനെ സൂപ്പർസീഡ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം സർക്കാർ നൽകേണ്ടതും ബോർഡിന്റെ വിശദീകരണവും ആക്ഷേപങ്ങളും, എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തിനെ തുടർന്ന്,—

(എ) ബോർഡിലെ എല്ലാ ഡയറക്ടർമാരും, അങ്ങിനെയുള്ള പ്രസിദ്ധീകരണ തീയതി മുതൽ, അങ്ങിനെയുള്ള ഡയറക്ടർമാരെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഒഴിയേണ്ടതും;

(ബി) ബോർഡ് വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ, ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും, സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥൻമാരോ വിനിയോഗിക്കുകയോ നിർവഹിക്കുകയോ ചെയ്യേണ്ടതും;

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മററു വസ്തുവകകളും സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും,

ആകുന്നു.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ട വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സൂപ്പർസീഡ് ചെയ്യലിന്റെ കാലയളവ് അവസാനിക്കുമ്പോൾ 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ സർക്കാർ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാകുന്നു.

24. ബോർഡിന്റെ കണക്കുകളുടെ ആഡിററും ആഡിററർമാരുടെ നിയമനവും വേതനവും.—(1) ബോർഡിന്റെ കണക്കുകൾ ആഡിററ് ചെയ്യുന്നതിനായി ആഡിററർമാരെ സർക്കാർ നിയമിക്കേണ്ടതാണ്.

(2) ബോർഡ് പ്രസ്തുത ആഡിററർമാർക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്.

(3) ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ, അപ്രകാരമുള്ള ആഡിററർമാർ പരിശോധിക്കേണ്ടതും ആഡിററ് ചെയ്യേണ്ടതുമാണ്.

25. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിററ് ചെയ്ത സ്റേററ്മെൻറും.—(1) ബോർഡിന്റെ നിർദ്ദേശപ്രകാരം ബോർഡിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് ആഡിററ് ചെയ്ത കണക്കുകളുടെ ഒരു സ്റേററ്മെൻറ് സഹിതം ഓരോ വർഷവും ജൂലായ് അവസാനിക്കുന്നതിനു മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ സർക്കാർ, കണക്കുകളുടെ ആഡിററ് ചെയ്ത സ്റേററ്മെൻറ് സഹിതം അത് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

26. <u>സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്</u>.—ഈ ആക്ററോ പദ്ധതിയോ പ്രകാരമോ അവയുടെ കീഴിലോ, സർക്കാരോ, ബോർഡോ അല്ലെങ്കിൽ ലേബർ കമ്മീഷണറോ അല്ലെങ്കിൽ ലേബർ കമ്മീഷണർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ, അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, പരിഹരിക്കുവാനോ, തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ആവശ്യപ്പെട്ടിട്ടുള്ള ഏതൊരു സംഗതിയും പരിഹരിക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിശ്ചയിക്കുവാനോ ഉള്ള ആധികാരികത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

27. <u>നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള ശേഖരണം കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ</u>.—**(1)** ഈ ആക്ററ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരു അംഗത്തിന്റെ കണക്കിൽ ഉണ്ടായിരുന്ന തുകകൾ ഈ ആക്ററ് പ്രകാരം ഉണ്ടാക്കിയ നിധിയിലേക്ക് കൈമാറുന്നതും കണക്കിൽ വരവ് വയ്ക്കുന്നതും അങ്ങനെയുള്ള ക്ഷേമനിധിയിലേക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റ ബാദ്ധ്യത അങ്ങനെയുള്ള തീയതിമുതൽ ഇല്ലാതാകുന്നതുമാണ്.

28. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—**(1)** സർക്കാരിന്, ഗസററിൽ വിജ്ഞാപനംമൂലം, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടു കൂടിയോ, അല്ലെങ്കിൽ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കു മ്പോൾ, സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കാലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

29. റദ്ദാക്കലും ഒഴിവാക്കലും.—**(1) 1998**-ലെ കേരള ഈററ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് **(1998**-ലെ **11)**, ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്ററിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പട്ടിക

[3(5) വകുപ്പ് കാണുക]

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. ഈററ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെയും തൊഴിലുടമകളുടെയും വ്യാപാരികളുടെയും രജിസ്ട്രേഷൻ.

2. ഈററ തൊഴിലാളികളും കാട്ടുവള്ളി തൊഴിലാളികളും തഴ തൊഴിലാളികളും സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ളവരും തൊഴിലുടമകളും വ്യാപാരികളും ഈററ ഉൽപ്പന്നങ്ങളുടെയോ, തഴ ഉൽപ്പന്നങ്ങളുടെയോ, കാട്ടുവള്ളി ഉൽപ്പന്നങ്ങളുടെയോ ഉല്പാദകരോ അല്ലെങ്കിൽ ഈററ, കാട്ടുവള്ളി, തഴ തൊഴിലാളികളാലോ അവർക്ക് വേണ്ടിയോ ഏതുസമയത്ത് ഏത് രീതിയിൽ ഫണ്ടിലേക്ക് അംശദായം നൽകണമെന്നും 4-ാം വകുപ്പ് പ്രകാരം ഈററ അല്ലെങ്കിൽ തഴ തൊഴിലാളി അല്ലെങ്കിൽ കാട്ടുവള്ളി തൊഴിലാളിയും സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ള ആളും നൽകേണ്ട അംശദായവും അംശദായം വസൂലാക്കേണ്ട രീതിയും.

3. 4-ാം വകുപ്പ് **(7)**-ാം ഉപവകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥ രായ ആളുകളും ഫണ്ടിലേക്ക് ഏത് സമയത്ത് ഏത് രീതിയിൽ അംശദായം നൽകണമെന്നും.

4. ബോർഡിനെ സഹായിക്കുന്നതിനുള്ള ഏതെങ്കിലും കമ്മിററിയുടെ രൂപവൽക്കരണം.

5. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കൽ, ബഡ്ജററ് തയ്യാറാക്കൽ, കണക്കുകൾ ആഡിററ് ചെയ്യലും, സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കലും.

6. നിധിയിൽനിന്നും പണം പിൻവലിക്കുന്നതിനും അതിൽ നിന്നും കിഴിക്കലോ കണ്ടുകെട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും അപ്രകാരം കിഴിക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാവുന്ന ഏററവും കൂടിയ തുകയും.

7. ഒരു തൊഴിലാളി തന്നെയും തന്റെ കുടുംബത്തെയുംപററിവിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

8. ഒരു അംഗം തന്നെയും തന്റെ കുടുംബത്തെയുംപററി വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

9. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാററം വരുത്തുകയോ ചെയ്യുന്നതും.

10. ഈററ തൊഴിലാളികളെയും തഴ തൊഴിലാളികളെയും കാട്ടുവള്ളി തൊഴിലാളികളെയും സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്ററുകളും രേഖകളും ഈററ, കാട്ടുവള്ളി അല്ലെങ്കിൽ തഴ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരും തൊഴിലുടമകളും നൽകേണ്ട റിട്ടേണുകളും.

11. നിധിയുടെ ഏതെങ്കിലും അംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള ഐഡൻറിററി കാർഡിന്റെയും ടോക്കണിന്റെയും ഡിസ്കിന്റെയും രൂപം അല്ലെങ്കിൽ മാതൃക, അതു നൽകുന്നതും സൂക്ഷിക്കുന്നതും പകരം നൽകുന്നതും.

12. ആക്ററിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് ചുമത്താവുന്ന ഫീസ്.

13. ആക്ററ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വിനിയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ.

14. 27-ാം വകുപ്പുപ്രകാരം മാററം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൊണ്ടുവന്ന് വരവുവയ്ക്കേണ്ടതിന്റെ രീതി.

15. ഈററത്തൊഴിലാളികളുടെയോ, കാട്ടുവള്ളിത്തൊഴിലാളികളുടെയോ, തഴ തൊഴിലാളികളുടെയോ, സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. നിധിയുടെ ഭരണ നിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

17. അംഗങ്ങൾക്കും കുട്ടികൾക്കും കുടുംബത്തിനും, അതതു സംഗതിപോലെ, പെൻഷൻ, ധനസഹായം, മെഡിക്കൽ സഹായം എന്നിവ നൽകുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമവും.

18. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്ന കാര്യത്തിന് ആവശ്യമോ ഉചിതമോ ആയ മററേതെങ്കിലും സംഗതി.